സി.ബി.ഐ. വീഴ്ചകൾ ചൂണ്ടിക്കാട്ടിയെങ്കിലും 15 വർഷങ്ങൾക്കുശേഷം ശിക്ഷണ നടപടി സ്വീകരിക്കുന്നത് ഉചിതമല്ലെന്ന് സർക്കാർ തീരുമാനിച്ചത്. സർക്കാരിന്റെ ഈ തീരുമാനം ഹൈക്കോടതി റദ്ദ് ചെയ്ത സാഹചര്യത്തിൽ കോടതിവിധി പരിശോധിച്ച് ഉചിതമായ നടപടികളുമായി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) പത്രമാദ്ധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി വിധി പരിശോധിച്ച് ഉചിതമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നതാണ്.

**കെ.എസ്.ആർ.-ന് വിരുദ്ധമായി ജോയിനിംഗ് ടൈം**

53 (1917) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി സിവിൽ ജുഡീഷ്യൽ ജില്ലയിലെ കോടതിയിൽ (കണ്ണൂർ ജില്ല സിവിൽ ജുഡീഷ്യൽ കോടതി) സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് KSR അനുസരിച്ച് ലഭിക്കേണ്ടുന്ന ജോയിനിംഗ് ടൈം നിഷേധിക്കുകയോ നിജപ്പെടുത്തുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 2012 മുതലുള്ള സ്ഥലം മാറ്റ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) കെ.എസ്.ആർ.-ന് വിരുദ്ധമായി ജോയിനിംഗ് ടൈം നിജപ്പെടുത്താനോ നിഷേധിക്കാനോ ഉള്ള നിർദ്ദേശങ്ങൾ നിയമന അധികാരികൾക്ക് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ജോയിനിംഗ് ടൈം നിജപ്പെടുത്തി സ്ഥലം മാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാരന് കെ.എസ്.ആർ. അനുസരിച്ച് ജോയിനിംഗ് ടൈം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തലശ്ശേരി സിവിൽ ജുഡീഷ്യൽ ജില്ലയിലെ കോടതികളിൽ സ്ഥലംമാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ. അനുസരിച്ച് ലഭിക്കേണ്ടുന്ന ജോയിനിംഗ് ടൈം നിഷേധിച്ചിട്ടില്ല; എന്നാൽ നിജപ്പെടുത്തിയിട്ടുണ്ട്. 2012 മുതൽ അമ്പതിലധികം സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. കെ.എസ്.ആർ. ഭാഗം-I ചട്ടം 127-ന് കീഴിലെ എക്സെംപ്ഷൻ-1 പ്രകാരം ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ഥലം മാറ്റത്തിന് അനുമതി നൽകുന്ന അധികാരിക്ക് ജോയിനിംഗ് ടൈം കുറയ്ക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്. കോടതികളിലെ ജോലിഭാരം കണക്കിലെടുത്താണ് ഇപ്രകാരമൊരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) സ്ഥലംമാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.-ൽ പ്രതിപാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് ജോയിനിംഗ് ടൈം അനുവദിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly